# ആണവ കരാറിലെ കുരുക്കുകൾ

**സി.ആർ. നീലകണ്ഠൻ**

ഏറെ വിവാദവും സംവാദവും ഉയർത്തി വിട്ടിരിക്കുന്നതും ദേശീയ രാഷ്ട്രീയത്തിൽ നിർണായക പ്രത്യാഘാതമുണ്ടാക്കിയതുമായ ഇന്ത്യ-യുഎസ് ആണവ കരാർ സംബന്ധിച്ച് സാധാരണ ജനങ്ങൾക്ക് ഇപ്പോഴും കാര്യമായ ധാരണയൊന്നുമില്ല. ഇന്ത്യയ്ക്ക് ഊർജ്ജം ആവശ്യമാണ്. പെട്രോളിയം വിലകൾ കുതിച്ചുയരുന്നു, (കേരളത്തിൽ മഴയില്ല, ലോഡ് ഷെഡിലാണ്) ആണവോർജമില്ലാതെ നിലനിൽക്കാനാകില്ല. അതു കിട്ടാൻ വേണ്ടിയുള്ള ഒരു കരാറാണിതെന്നു ധരിച്ച് ഇതിനെ കണ്ണടച്ചു പിന്താങ്ങുന്നവർ ഒരു വശത്ത്. ഇത് യു.എസ്. സാമ്രാജ്യത്വത്തിനു കീഴ്പ്പെടലാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യവും പരമാധികാരവും നഷ്ടപ്പെടും, ഇറാനെതിരായി ഇന്ത്യ യുദ്ധം ചെയ്യേണ്ടിവരും തുടങ്ങിയ വാദങ്ങളുയർത്തി മറുവശവും രംഗത്തുണ്ട്. എന്നാൽ അൽപം ചൂഴ്ന്നിറങ്ങിച്ചോദിച്ചാൽ വെറും വാചകക്കസർത്തും കക്ഷി രാഷ്ട്രീയവുംകൊണ്ട് മറുപടിപറയുവാനാണ് മിക്കവരും ശ്രമിക്കുന്നത്. ഇതുകൊണ്ടുതന്നെ നിഷ്പക്ഷമായിനിന്നു വീക്ഷിക്കുന്നവർക്ക് ഒന്നും മനസ്സിലാകില്ല. രാഷ്ട്രീയത്തിന്റെ ഗതിവിഗതികളിൽ താൽപര്യമില്ലാത്ത വലിയൊരുവിഭാഗം, ഊർജലഭ്യതയുണ്ടാകുമെന്നുകരുതി കരാറിനനുകൂലമാകുന്നുവെന്ന പ്രശ്നവുമുണ്ട്. അതുകൊണ്ടുതന്നെ വസ്തുനിഷ്ഠമായി ഇത് വിശകലനം ചെയ്യേണ്ടതുണ്ട്.

എന്നാൽ സാങ്കേതികവിദ്യ, സാമ്പത്തികശാസ്ത്രം, ദേശ-വിദേശ രാഷ്ട്രീയം, പരിസ്ഥിതി തുടങ്ങിനിരവധി വിഷയങ്ങൾ ഇടകലർന്നു കിടക്കുന്ന ഒന്നാണ് ഈ കരാർ എന്നതിനാൽ ഇത് ഇഴപിരിക്കുകയെന്നത് ശ്രമകരമായ ജോലിയാണ്. മിക്ക മനുഷ്യർക്കും അതിലൊന്നും താൽപര്യമില്ലാത്തതിനാലും എഴുതുന്നപലർക്കും വിഷയത്തിൽ സാമാന്യമായ അറിവില്ലാത്തതിനാലും ലളിതമായി വിശദീകരിക്കുന്നില്ല. പറയുന്നത് ആരും ഗൗരവമായി ശ്രദ്ധിക്കുന്നുമില്ല. പ്രശ്നം സങ്കീർണമായതിനാൽ സാധാരണ മനുഷ്യരിൽനിന്ന് സത്യം മറച്ചു പിടിക്കുക എളുപ്പമാണ്. പൊതുവാചകമടികൊണ്ട് രക്ഷപ്പെടാനുമാകും.

ഒറ്റവാക്കിൽപറഞ്ഞാൽ ഇന്ത്യയും അമേരിക്കയും തമ്മിൽ സമാധാനപരമായ ആണവമേഖലയിൽ പരസ്പരം സഹകരിക്കുന്നതിനുള്ള ഒരു കരാറാണിത്. എന്നാൽ പൊതുസാഹചര്യത്തിൽ നിന്നടർത്തിയെടുത്തുകൊണ്ട് ഈ കരാറിനെ പരിശോധിക്കുക എന്നത് അബദ്ധമാകും. കഴിഞ്ഞ ഒരുപതിറ്റാണ്ടിലേറെയായി മാറിമാറി അധികാരത്തിൽ വന്ന ഇന്ത്യയിലെ സർക്കാരുകളെല്ലാം യുഎസിനനുകൂലമായി നിലപാടെടുത്തുവെന്നകാര്യം നമുക്കറിയാം. ആഗോളീകരണം ശക്തിപ്പെട്ടതും യുഎസ്എസ്ആർ തകർച്ചയോടെ അമേരിക്ക ലോകത്തിലെ ഏകാധികാര കേന്ദ്രമായതുമാണ് ഇതിനുള്ള പ്രേരണ. സാമ്പത്തിക ബന്ധങ്ങൾ, വ്യാപാരം, രാഷ്ട്രീയം തുടങ്ങി വ്യക്തി ജീവിത വീക്ഷണത്തിൽവരെ ഈ യുഎസ് സ്വാധീനം പടർന്നുകയറിയിട്ടുണ്ട്. കമ്പോളവും മത്സരവുമാണ് ജീവിതത്തിന്റെ ദിശ നിർണയിക്കേണ്ടതെന്ന മുതലാളിത്ത പ്രത്യയശാസ്ത്രം മേൽക്കൈ നേടിയതും ഇതിന്റ ഫലമായാണ്. മുമ്പ് ഇന്ത്യ ഭരിച്ച എൻഡിഎ സർക്കാർ ഈ ദിശയിൽ ഏറെ മുന്നോട്ടുപോയിരുന്നു. മൻമോഹൻസിങ് (പൊടുന്നനെയെന്നോണം) ഇന്ത്യയുടെ പ്രധാനമന്ത്രിയായതുതന്നെ ഈ ചുവടുമാറ്റത്തിന്റെ ഫലമാണ്. സാമ്രാജ്യത്വത്തിന് എക്കാലത്തും സ്വീകാര്യനായ വ്യക്തിയാണദ്ദേഹം. ഇന്ത്യൻ രാഷ്ട്രീയത്തിൽ യാതൊരു വേരുകളുമില്ല. അതുകൊണ്ടുതന്നെ ചരിത്രത്തിന്റെ ഭാരം പേറുന്നില്ല. എന്തും ചെയ്യാവുന്ന അവസ്ഥയുണ്ട്.

അതിന്റെ ഒരു നിർണായക തുടക്കമായിരുന്നു 2005 ജൂലായ് മാസത്തിൽ അദ്ദേഹം നടത്തിയ യുഎസ് സന്ദർശനം. കൃഷി, വ്യവസായം, പശ്ചാത്തലമേഖല, വൈദ്യുതി, ഇൻഷ്വറൻസ്, ചെറുകിടവ്യാപാരം തുടങ്ങി ഒട്ടനവധി മേഖലകളിൽ അമേരിക്കൻ മൂലധനത്തിന് ഇന്ത്യയിൽ പ്രവേശനം നൽകാൻ തീരുമാനമായി. ആണവ മേഖലയും പ്രതിരോധമേഖലയും ഇതിൽ ഉൾപ്പെട്ടിരുന്നു. പ്രതിരോധമേഖലയിൽ ഈ ദിശയിൽ വൻ മുന്നേറ്റമുണ്ടായി. തന്ത്രപരമായ പങ്കാളിത്തം, ആയുധവ്യാപാരം, സംയുക്ത സൈനികാഭ്യാസം തുടയങ്ങിയ പല പരിപാടികളും മുന്നോട്ടുപോയി.

യുഎസ് മാത്രമല്ല അവരുടെ സഖ്യകക്ഷിയായ ഇസ്രായേലുമായും വളരെ അടുത്ത ബന്ധം ഉണ്ടായി. 2002-2006 കാലത്ത് ഇസ്രായേൽവിറ്റ 2.75 ബില്യൺഡോളറിന്റെ ആയുധങ്ങളിൽ പാതിയിലേറെയും (1.75 ബില്യൻ ഡോളർ. രൂ 6700 കോടി) വാങ്ങിയത് ഇന്ത്യയാണ്. 2005 ജൂലായിൽ നടത്തിയ സംയുക്ത പ്രഖ്യാപനം തന്നെയാണ് ഇപ്പോൾ ചർച്ച ചെയ്യുന്ന ആണവകരാറിന് അടിയന്തിരമായതും എന്നും കാണാം.

## കരാർ എന്ത്?

ഒറ്റ നോട്ടത്തിൽ കാര്യമായ പ്രശ്നങ്ങളൊന്നുമില്ലാത്ത ഒരു പരസ്പര സഹകരണ കരാറാണിത്. ഇരു രാജ്യങ്ങളും തുല്യർ എന്ന രീതിയിലാണ് കരാർ എഴുതിയിരിക്കുന്നത്. (എന്നാൽ ഫലത്തിൽ അതല്ലാത്തതിന്റെ പ്രശ്നങ്ങളാണിതിന്റെ പ്രധാനദോഷം!) സമാധാനാവശ്യങ്ങൾക്കുള്ള എല്ലാവിധ ആണവ സാമഗ്രികളുടെയും

പരസ്പര(?) വ്യാപാരം ഈ കരാറിന്റെ ഭാഗമായിനടത്താം. ലോകത്ത് ഊർജപ്രതിസന്ധിയുള്ളത് പരിഹരിക്കാൻ ഇത് ആവശ്യമാണെന്നു പറയുന്നു. യന്ത്രസാമഗ്രികൾ, ഇന്ധനം, സാങ്കേതികവിദ്യ മുതലായവ പരസ്പരം (?) കൈമാറുന്നതിന് ഈ കരാർമൂലം കഴിയും. ഇന്ത്യ ആണവനിർവ്യാപനക്കരാറിൽ (എൻ.പി.ടി.) ഒപ്പിടാത്ത രാജ്യമാണ് എന്നതിനാൽ (എന്തുകൊണ്ട് ഒപ്പിട്ടില്ലായെന്ന കാര്യം പറയില്ല. അണ്വായുധ രാഷ്ട്രങ്ങൾക്ക് ഏകപക്ഷീയമായി അനുകൂലമായതാണ് എന്നതിനാലാണ് തന്റേടമുള്ള ഭരണകർത്താക്കൾ അന്ന് ഒപ്പിടാതിരുന്നത്. ഇപ്പോൾ അതിനേക്കാൾ മോശമായ കരാറിലാണ് ഒപ്പിടുന്നത്!) ഇന്ത്യയുമായി കരാറുണ്ടാക്കാൻ അമേരിക്കക്ക് സ്വന്തം നിയമങ്ങൾ മാററണമെന്നു കരാറിൽതന്നെ പറയുന്നു. (അതാണ് ഹൈഡ്നിയമം. ഇതിനു കരാറുമായി ബന്ധങ്ങളില്ലെന്നു വാദിക്കുന്നവരുടെ നിലപാട് എത്രപരിഹാസ്യമാണ്.) ഇന്ത്യയെ ആ രാജ്യത്തിന്റെ ഊർജവികസനത്തിനുവേണ്ടി യുഎസ് ചെയ്യുന്ന ഒരു ത്യാഗമെന്ന രീതിയിലാണ് ഈ കരാറിൽ ഹൈഡ് നിയമത്തെകാണുന്നത്. കരാറനുസരിച്ച് ഇന്ത്യ അതിന്റെ ആണവസ്ഥാപനങ്ങൾ (ഏതെന്ന് നമുക്കു തീരുമാനിക്കാം!) അന്താരാഷ്ട്ര ആണവോർജ ഏജൻസിയുടെ (ഐഎഇഎ) സുരക്ഷാമാനദണ്ഡങ്ങൾ പരിശോധിക്കാൻ നൽകണം. ഏതൊക്കെ സ്ഥാപനങ്ങൾ തങ്ങൾ പരിശോധനക്കു നൽകുന്നുവെന്ന് ഇരു കൂട്ടരും പരസ്പരം അറിയിക്കണം. (യുഎസ് നമ്മെ അറിയിക്കുന്നതിലെന്തുകാര്യം?) ഇന്ത്യക്ക് ഇന്ധനം നൽകുമെന്നു പറയുന്നുണ്ടെങ്കിലും അതതു രാജ്യത്തെ നിയമങ്ങളനുസരിച്ചു മാത്രമേ സാങ്കേതിക വിദ്യകളും ആണവസാമഗ്രികളും വ്യാപാരം നടത്തൂവെന്നുപറയുന്നുണ്ട്. ഇന്ത്യയിൽ ഒരുനിയമമില്ല. യുഎസിന് ഹൈഡ് നിയമംവന്നു. തർക്കങ്ങളുണ്ടായാൽ ചർച്ചകളിലൂടെ പരിഹരിക്കണം. ഏതെങ്കിലും കാരണവശാൽ കരാർ റദ്ദാക്കണമെന്ന് ഒരുകക്ഷിക്കു തോന്നിയാൽ, മുൻകൂർ അറിയിപ്പുകൊടുക്കണം. തർക്കപ്രശ്നങ്ങളുണ്ടായാൽ അവ ചർച്ചയിലൂടെ പരിഹരിക്കുന്നതുവരെ കരാർ പ്രവർത്തനം നിർത്തിവയ്ക്കാം. ചർച്ചകൾ പരാജയപ്പെട്ടാൽ പരാതിക്കാരന് പിൻവാങ്ങാം. എന്നാൽ പിൻവാങ്ങുമ്പോൾ മറ്റേ രാജ്യത്തിനു നൽകിയ ആണവസാമഗ്രികളെല്ലാം തിരിച്ചെടുക്കാൻ ഇവർക്ക് അവകാശമുണ്ട്. ഇത്തരത്തിലുള്ള വ്യവസ്ഥകൾ വായിച്ചാൽ പെട്ടെന്ന് 'വലിയ കുഴപ്പമില്ലല്ലോ' എന്നു തോന്നാം. എന്നാൽ കരാർ നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ അറിയണമെങ്കിൽ അതിലെ സാങ്കേതികത്വങ്ങൾ നന്നായി മനസ്സിലാക്കണം. ഈ കരാർ 2006 ജൂലായിൽ അന്തിമ രൂപം നൽകി ഇന്ത്യയും യുഎസും ഒപ്പിട്ടു. പാർലമെന്റിന്റെ പരിഗണനക്കെന്നല്ല, അറിവിലേക്കുപോലും ഇതു നൽകാൻ സർക്കാർ തയ്യാറായില്ല.

ഇതിനെതിരെ ശക്തമായ പ്രതിഷേധമുയർന്നപ്പോൾ, സമ്മർദ്ദത്തിനു വഴങ്ങി പ്രശ്നം പാർലമെന്റിൽ ചർച്ച ചെയ്യാൻ സർക്കാർ തയ്യാറായി. എന്നാൽ വോട്ടിങ് ആവശ്യമില്ലാത്ത ചർച്ചയാണു നടത്തിയത്. എങ്കിലും പ്രശ്നത്തിന്റെ വിവിധവശങ്ങൾ പുറത്തുകൊണ്ടുവരാൻകഴിഞ്ഞു. ചർച്ചകൾക്കു മറുപടിയായി ഭരണപക്ഷവും പ്രധാനമന്ത്രിയും കരാറിന്റെ നേട്ടങ്ങളെക്കുറിച്ച് സംസാരിച്ചു. പൊക്രാൻ സ്ഫോടനംമൂലം ആണവസാങ്കേതികവിദ്യയിൽ ലോകം ഇന്ത്യക്കുമേൽ വിലക്ക് ഏർപ്പെടുത്തിയിരുന്നത് മാറ്റാനും ഒറ്റപ്പെടൽ ഒഴിവാക്കാനും ഈ കരാർവഴി സാധ്യമാകുന്നു. അങ്ങനെ പുതിയ സാങ്കേതികവിദ്യകളും യന്ത്രസാമഗ്രികളും ഇന്ധനവും നമുക്കുകിട്ടുന്നു. ഭാവിയിൽ ഇന്ത്യക്ക് സ്ഥിരമായി ആശ്രയിക്കാവുന്ന ഊർജ സ്രോതസ്സ് എന്ന നിലയിൽ ആണവോർജ മേഖല വളരുന്നു. കൽക്കരി, പെട്രോളിയം തുടങ്ങിയവപോലെയല്ല, ഇത് വൃത്തിയുള്ള (ക്ലീൻ) ഊർജമാണ്. ഹരിതഗൃഹവാതകങ്ങളുണ്ടാക്കുന്നില്ല. ഇന്ത്യയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആണവനിലയങ്ങൾ കടുത്ത ഇന്ധന ക്ഷാമം നേരിടുന്നുണ്ട്. അത് നമുക്ക് ഇറക്കുമതി ചെയ്യാനാകും. ഇങ്ങനെയൊക്കെയാണ് നേട്ടങ്ങളായി ചൂണ്ടിക്കാട്ടിയത്. കരാറിനെ സംബന്ധിച്ച് ഉയർന്ന സംശയങ്ങൾ ദുരീകരിക്കുന്നതിന് പ്രധാനമന്ത്രി സുപ്രധാനമായ പല ഉറപ്പുകളും പാർലിമെന്റിനു നൽകി.

ഇന്ത്യക്ക് യുഎസിന്റെ കൈവശമുള്ള ഏറ്റവും പുതിയ സൈനികേതര ആണവസാങ്കേതികവിദ്യകളെല്ലാം ഈ കരാർവഴി ലഭ്യമാകും. ഇന്ത്യയുടെ ഇറക്കുമതി ചെയ്യുന്നനിലയങ്ങൾക്ക് ആജീവനാന്തം ഇന്ധനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നു. ഇന്ത്യയുടെ വിദേശ നയത്തിൽ പുറത്തുനിന്നുള്ള ഒരിടപെടലും ഉണ്ടാകില്ല. യുഎസ് പ്രസിഡന്റ് ഇന്ത്യൻവിദേശനയം സംബന്ധിച്ച് കോൺഗ്രസിന് പ്രതിവർഷം റിപ്പോർട്ടുനൽകുന്നതുംമറ്റും ഒഴിവാക്കും. ഇന്ത്യയുടെ പ്രഖ്യാപിത 'മൂന്നുഘട്ട ആണവവികസന പരിപാടി' തുടരാനാകും. ഇന്ത്യക്ക് അണ്വായുധപരീക്ഷണം നടത്താൻ സ്വാതന്ത്ര്യമുണ്ടായിരിക്കും തുടങ്ങിയ ഉറപ്പുകളാണ് പ്രധാനമന്ത്രി നൽകിയത്.

എന്നാൽ മൂന്നു മാസത്തിനകം യുഎസ് കോൺഗ്രസ് ഇന്ത്യക്കായുള്ള പ്രത്യേകനിയമം (ഹൈഡ്നിയമം) തയ്യാറാക്കി അവതരിപ്പിച്ച് പാസാക്കി. പ്രധാനമന്ത്രി നൽകിയ ഉറപ്പുകളെല്ലാം ജലരേഖകളാണെന്നു തുറന്നുകാട്ടുന്നതായിരന്നു ഹൈഡ്നിയമം. ആണവനിർവ്യാപനകരാറിൽ ഒപ്പിടാത്ത രാജ്യമെന്ന നിലയിൽ ഇന്ത്യക്ക് യുഎസ് ചെയ്യുന്ന ഒരു സൗജന്യമെന്ന രീതിയിലാണ് ഹൈഡ് നിയമം തയ്യാറാക്കിയത്. ഇന്ത്യയുമായുള്ള കരാർ തുടരണമെങ്കിലുള്ള വ്യവസ്ഥകൾ നിയമം വളരെ കൃത്യമായി പറയുന്നു. അതിലേറ്റവും പ്രധാനമായത്, ഇന്ത്യയുടെ വിദേശനയം സംബന്ധിച്ചുള്ളതാണ്. ഇന്ത്യയുടെ വിദേശനയം യുഎസ് നയത്തിന് സമാനമായിരിക്കണമെന്നതാണ് പ്രധാന വ്യവസ്ഥ. ഇന്ത്യൻ വിദേശനയം സംബന്ധിച്ച് ഓരോ വർഷവും യുഎസ് പ്രസിഡന്റ് കോൺഗ്രസിന് റിപ്പോർട്ടു നൽകണം എന്നതാണ്. ഇറാന്റെ പ്രശ്നം വ്യക്തമായി എടുത്തുപറയുന്നുമുണ്ട്. അവർ അണ്വായുധ നിർമാണം നടത്തുന്നുവെന്നോ ഭീകരവാദത്തെ സഹായിക്കുന്നുവെന്നോ യുഎസിനു തോന്നിയാൽ യുഎസ്എന്തു നടപടി കൊടുത്താലും അതിനൊപ്പം ഇന്ത്യനിൽക്കുമെന്ന് ഉറപ്പാക്കണം. ഇന്ത്യയുമായി യുഎസ് മുമ്പ് ഒപ്പിട്ട

സൈനികസഹകരണകരാറിന്റെ ശക്തി വർദ്ധിപ്പിക്കുന്നതാണ് ഈ നിയമം.

123 കരാർ അന്തിമരൂപത്തിലായി. ഇനി ഇതു പ്രാവർത്തികമാക്കാൻ അന്താരാഷ്ട്ര ആണവോർജ ഏജൻസിയുമായി ചർച്ചകൾ നടത്തി ഇന്ത്യക്കായുള്ള സുരക്ഷാമാനദണ്ഡങ്ങൾ അംഗീകരിക്കുകയും അതനുസരിച്ചുള്ള കരാർ ഉണ്ടാക്കുകയും വേണം. അതിന് ഇടതുപക്ഷം അനുമതി നൽകാൻ തയ്യാറായില്ല. 2007 സെപ്തംബറിൽ ഐഎഇഎ യോഗത്തിൽ ഇന്ത്യയുടെ പ്രതിനിധിയായ അണുശക്തികമീഷൻ അദ്ധ്യക്ഷൻ പങ്കെടുക്കുന്നതിനെ അവർശക്തിയായി എതിർത്തു. 123 കരാറിന്റെ പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ കേവലം സാങ്കേതിക പ്രശ്നങ്ങൾ മാത്രമുള്ള ഐഎഇഎ ചർച്ച തുടരുന്നതിൽ അർത്ഥമില്ലെന്ന ഇടതുപക്ഷവാദത്തെ തന്ത്രപരമായാണ് സർക്കാർ മറികടന്നത്. 'കരാറിൽനിന്ന് ഒറ്റയടിക്ക് ഒഴിയുന്നതിനു പകരം ചർച്ചകൾ തുടരുന്നതിനിടെ ഒഴിയുകയെന്നതാണ് നല്ലതെന്നും അതിനു വേണ്ടി ചർച്ചകൾ തുടരാൻ അനുവദിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

പിന്നീടങ്ങോട്ട് നടന്നത് മുഴുവൻ വഞ്ചനയായിരുന്നു. കരാർ റദ്ദാക്കാൻ സർക്കാരിനു യാതൊരു താൽപര്യവുമില്ലെന്നും മറിച്ച് അതുമായി ഏതുവിധേനെയും മുന്നോട്ടുപോകാൻ ശ്രമിക്കുമെന്നുമുള്ള സൂചനകൾ കിട്ടിയിരുന്നെങ്കിലും ഇടതുപക്ഷം, കരാർ തടയാൻ ഏകോപനസമിതിക്കു കഴിയുമെന്ന ഉറച്ച വിശ്വാസത്തിലായിരുന്നു. ഐഎഇഎ ചർച്ചയുടെ വിശദാംശങ്ങൾകൂടി ഏകോപനസമിതിയിൽ ചർച്ച ചെയ്തശേഷമേ അന്തിമ തീരുമാനമെടുക്കൂവെന്ന സർക്കാർ ഉറപ്പ് അവർ വിശ്വസിച്ചു. ഐഎഇഎ ചർച്ചകളും അതുവഴി രൂപപ്പെട്ട കരാറും ഇടതുപക്ഷത്തെ കാണിക്കാനാവില്ലെന്നും അതു രഹസ്യരേഖയാണെന്നും പറയുന്നിടത്താണ് വഞ്ചന പുറത്തുവരുന്നത്. സർക്കാരിനെ നാലരവർത്തോളമായി പിന്തുണക്കുന്ന കക്ഷിനേതാക്കളെപ്പോലും കാണിക്കാനാവാത്തവിധം എന്തു രഹസ്യാത്മകതയാണു കാരാറിനുള്ളതെന്നു വ്യക്തമാക്കാൻ സർക്കാരിനായില്ല. തന്നെയുമല്ല കരാർ തങ്ങളെ സംബന്ധിച്ചിടത്തോളം രഹസ്യരേഖയല്ലെന്ന് ഐഎഇഎ പറഞ്ഞതോടെ സർക്കാർ വെട്ടിലായി. ഈ കരാർവിവരങ്ങൾ പുറത്തുവിട്ടാൽ അത് ഇന്ത്യയിൽ ആണവ ഭീകരത വളർത്തുമെന്നായി പിന്നത്തെവാദം. ഇറാനടക്കം ലോകത്തിലെ മിക്ക രാജ്യങ്ങളുടെയും ഇത്തരം കരാറുകൾ പരസ്യമാണെന്നതിനാലും 'ഒപ്പിട്ടശേഷം പുറത്തുവിടാം' എന്നു സർക്കാർ തന്നെപറഞ്ഞതിലൂടെയും ഈ വാദവും തകർന്നു. ഈ തർക്കങ്ങൾ ഇവിടെ നടക്കുന്ന സമയത്ത് തന്നെ ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്നും കരാറിന്റെ പൂർണരൂപം പല വെബ്സൈറ്റുകളിലും പ്രത്യക്ഷപ്പെട്ടു. പിന്നെ നാണക്കേടു ഭയന്ന് സർക്കാർ വിദേശകാര്യവകുപ്പിന്റെ സൈറ്റിൽ പ്രസിദ്ധീകരിച്ചു.

ഇതിലും വലിയ വഞ്ചനയാണ് പ്രധാനമന്ത്രി ചെയ്തത്. ആണവകരാറുമായി സർക്കാർ മുന്നോട്ടു പോകുമോയെന്ന് ജൂലായ് 7-നു തങ്ങളെ വ്യക്തമായി അറിയിക്കണമെന്ന് ഇടതുപക്ഷം സർക്കാരിന് അന്ത്യശാസനം നൽകി. ഇതിനു മറുപടിയായി കേന്ദ്രമന്ത്രിയും ഏകോപനസമിതി കൺവീനറുമായ പ്രസബ്കുമാർ മുഖർജി പറഞ്ഞകാര്യങ്ങൾ രസകരമാണ്. ഇത്രയും സങ്കീർണമായ ഒരു കരാർ സംബന്ധിച്ച തീരുമാനത്തിന് അന്ത്യശാസനം നൽകരുമൊന്നും ജൂലായ് 10നു ചേരുന്ന ഏകോപനസമിതി യോഗത്തിൽ നമുക്ക് അന്തിമ തീരുമാനമെടുക്കാമെന്നുമാണുദ്ദേഹം പറഞ്ഞത്. എന്നാൽ ഈ പ്രസ്താവനയിറക്കി ഒരുമണിക്കൂറിനകം ഇന്ത്യൻ പ്രധാനമന്ത്രി എന്നെ ഇതിനെയെല്ലാം കാറ്റിൽ പറത്തിക്കൊണ്ട്, ജപ്പാൻ യാത്രാമദ്ധ്യേ പത്രക്കാരോടു പറഞ്ഞു, ആരെതിർത്താലും ഞങ്ങൾ കരാറുമായി മുന്നോട്ടുപോകും എന്ന്. ഇത് ഇടതുപക്ഷത്തെമാത്രമല്ല കോൺഗ്രസുക്കാരെപ്പോലും ഞെട്ടിച്ചുകളഞ്ഞു. സർക്കാരിനെ പിന്താങ്ങുന്നവർ നൽകുന്ന അന്ത്യശാസനം ശരിയല്ലെന്നു പറഞ്ഞ സർക്കാർതന്നെ, കരാർതിടുക്കത്തിൽ നടപ്പിലായില്ലെങ്കിൽ താൻ യുഎസ് പ്രസിഡന്റ് ജോർജ് ബുഷിനു നൽകിയ വാഗ്ദാനം ലംഘിക്കപ്പെടുമെന്നും ബുഷ്സ്ഥാനമൊഴിയുന്നതിനുമുമ്പ് കരാർ സംബന്ധിച്ച് യുഎസ് കോൺഗ്രസ് തീരുമാനമെടുക്കാൻ സമയംവേണമെന്നും അതുകൊണ്ടുതന്നെ ബുഷിന്റെ അന്ത്യശാസനത്തിന് ഇടതുപക്ഷത്തിന്റെ അന്ത്യശാസനത്തേക്കാൾ പ്രാധാന്യമുണ്ടെന്നുമാണ് പ്രധാനമന്ത്രി ഇതിലൂടെ വ്യക്തമാക്കിയത്. ഇത് ഇന്ത്യൻ ജനാധിപത്യത്തിനുതന്നെ അപമാനകരമാണ്. പ്രധാനമന്ത്രിയുടെ പ്രസ്താവനയോടെ എല്ലാവാതിലുകളും അടഞ്ഞ ഇടതുപക്ഷം പിന്തുണപിൻവലിക്കുകയായിരുന്നു. പിന്നീടുണ്ടായതെല്ലാം നമുക്കറിയാം.

മേൽപറഞ്ഞ രാഷ്ട്രീയ പ്രശ്നങ്ങളെല്ലാം നമുക്കുതൽക്കാലം മറക്കാം. ഇന്ത്യ അമേരിക്കയുടെ സാമന്തരാജ്യമായാലും ഇറാനെ ആക്രമിക്കാൻ കൂട്ടുനിന്നാലും ഈ കരാറിലൂടെ രാജ്യത്തിന് ഊർജ സുരക്ഷയുണ്ടാകുമെങ്കിൽ അതാകട്ടെയെന്നു സമാധാനിക്കുന്ന കുറച്ചുപേരെങ്കിലുമുണ്ട്. അത് എത്രമാത്രം യാഥാർത്ഥ്യമാണ് എന്നാണിവിടെ പരിശോധിക്കാൻപോകുന്നത്. 123 കരാറും അതിനടിസ്ഥാനമായ ഹൈഡ് നിയമവും ഇപ്പോൾ അന്തിമമായിക്കൊണ്ടിരിക്കുന്ന ഐഎഇ കരാറും ഇനി തയ്യാറാക്കപ്പെടേണ്ട ആണവസാമഗ്രികൾ വിൽക്കുന്ന രാജ്യങ്ങളുടെ സംഘടന (എൻഎസ്ജി)യുമായുണ്ടാക്കുന്ന കരാറുകളും പരിശോധിച്ചുകൊണ്ടുവേണം ഇത്തരമൊരു തീരുമാനമെടുക്കാൻ. കൂടാതെ ഇന്ത്യയുടെ ആണവരംഗത്തെ ഇതുവരെയുള്ള വളർച്ചയും പ്രശ്നങ്ങളും അറിയണം.

ഈ കരാർവഴി ഇന്ത്യയുടെ വൈദ്യുതി ഉൽപാദനശേഷി എത്രകണ്ട് വർദ്ധിക്കും, എങ്ങനെ വർദ്ധിക്കും, അതിന് എത്രപണം മുടക്കണം, എത്രകാലംവേണം, ഊർജത്തിന്റെ വില എന്തായിരിക്കും, അവിടെ മുടങ്ങാതെ ഉൽപാദനം നടക്കാനുള്ള സാദ്ധ്യത എത്രത്തോളമുണ്ട്, നമ്മുടെ നിലവിലുള്ള നിലയങ്ങൾക്കും സ്ഥാപനങ്ങൾക്കും എന്തുസംഭവിക്കും, ഇന്ത്യക്ക് സ്വാശ്രയ ആണവശക്തിയാകാനുള്ള ഗവേഷണം മുന്നോട്ടുപോകാനുകുമോ തുടങ്ങിയ

ചോദ്യങ്ങൾക്കുള്ള ഉത്തരമാണിവിടെ തേടുന്നത്. ഇവയെല്ലാം തീർത്തും സാങ്കേതിക പ്രശ്നങ്ങൾമാത്രമല്ലെന്ന് നമുക്കുവഴിയേ ബോധ്യമാകും. നിലവിലുള്ള അന്തർദ്ദേശീയ രാഷ്ട്രീയ സമവാക്യങ്ങളും അന്താരാഷ്ട്രസ്ഥാപനങ്ങളുടെ പക്ഷപാതിത്വവും കോർപറേറ്റ് ശക്തികളുടെ ഇടപെടൽശേഷിയും ഇന്ത്യക്ക് സാങ്കേതികമണ്ഡലത്തിൽമാത്രമല്ല, (ദേശീയ വാദികളായ രാഷ്ട്രീയക്കാരില്ലെന്നതിനാൽ) രാഷ്ട്രീയ മണ്ഡലത്തിലുള്ള ദൗർബല്യങ്ങളും ഇതിൽ കടന്നുവരുന്നു. മറ്റു സാങ്കേതിക വിദ്യകളിൽനിന്നും ആണവസാങ്കേതികവിദ്യ ഏറെ വ്യത്യസ്തമാണ്. മറ്റു ഊർജ നിലയങ്ങളിൽനിന്നും ആർക്കും ആയുധങ്ങൾ നിർമിക്കാനാകില്ല. എന്നാൽ അണുശക്തിയുടെ കാര്യത്തിൽ ഊർജോൽപാദനവും ആയുധനിർമാണവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. അതുകൊണ്ടുതന്നെ അത് രാഷ്ട്രീയവുമായും നേരിട്ട് ബന്ധപ്പെട്ടതാണ്. ഇതുകൂടി പരിഗണിച്ചുകൊണ്ടുമാത്രമേ ഈ കരാറുകൾ ഇന്ത്യയുടെ ആണവവികസനത്തെ എങ്ങനെ ബാധിക്കുമെന്നുപറയാനാകൂ.

## എത്ര ഊർജം?

കരാറനുസരിച്ച് ഇന്ത്യക്ക് യുഎസിൽനിന്നും മറ്റ് ആണവ സാമഗ്രി രാഷ്ട്രങ്ങളിൽ (എൻഎസ്ജി) നിന്നും ആണവ നിലയങ്ങളും അതിനാവശ്യമായ ഇന്ധനവും മറ്റും വാങ്ങാനാകും. പൊക്രാൻ സ്ഫോടനങ്ങളെ തുടർന്ന് ഇന്ത്യയുമായി ആണവവ്യാപാരം നടത്തുന്നതിന് എല്ലാ രാജ്യങ്ങൾക്കും വിലക്കുണ്ടായിരുന്നു. ആ വിലക്ക് ഇവിടെ മാറുന്നുവെന്നതു ശരിതന്നെയാണ്. പെട്രോളിയത്തിന് വില കുതിച്ചുയരുന്ന സാഹചര്യത്തിൽ ഈ ഊർജം ഒരു പരിഹാരമായേക്കാമെന്നു കരുതുന്നവർ കുറവല്ല. ഇന്ത്യയുടെ നിലവിലുള്ള ആണവവൈദ്യുതി ഉൽപാദനശേഷി 4000 മെഗാവാട്ടാണ്- മൊത്തം ഉൽപാദനത്തിന്റെ 3-4% മാത്രം. 2021 ആകുമ്പോഴേക്കും ഇത് 30,000 മെഗാവാട്ട്ശേഷിയായി ഉയർത്തണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇന്നുള്ള നിലയങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ പ്രകൃതിദത്തയുറേനിയും (U-238) വേണ്ടത്ര ലഭിക്കാത്ത പ്രശ്നമുണ്ട്. അതുകൊണ്ട് പലപ്പോഴും കുറഞ്ഞനിരക്കിൽ മാത്രമേ ഉൽപാദനം നടത്താനാകുന്നുള്ളൂ. 1963-ൽ അമേരിക്കതന്നെ നമുക്കു വിറ്റ താരാപ്പൂർനിലയത്തിന് 1974 മുതൽ അവർ സമ്പുഷ്ടയുറേനിയം എന്ന ഇന്ധനം നൽകുന്നില്ല. റഷ്യയിൽനിന്നു ലഭിച്ച കുറച്ച് ഇന്ധനമുപയോഗിച്ച് ശേഷിയുടെ വളരെകുറച്ചുഭാഗം മാത്രമെ അവിടെ വൈദ്യുതി ഉൽപാദിപ്പിക്കാനാകുന്നുള്ളു. സർക്കാരിന്റെ ഈ വിശദീകരണം വസ്തുതകൾക്കു നിരക്കുന്നതല്ലെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയിലെ വൈദ്യുതിയുൽപാദനം സംബന്ധിച്ച് 11-ാം പദ്ധതിയിൽ മുന്നോട്ടുവച്ചിട്ടുള്ള കണക്കുകളുമായി ഇതു പൊരുത്തപ്പെടുത്തില്ലെന്നതാണ് ഒന്നാമത്തെക്കാര്യം. ആസൂത്രണ പദ്ധതിയനുസരിച്ച് 2021-ൽ 30,000 മെഗാവാട്ട് ആണവ വൈദ്യുതിയുണ്ടാക്കണം എന്നാൽ അതിൽ ഇറക്കുമതി ചെയ്തനിലയങ്ങളുടെ പങ്ക് 8000 മെഗാവാട്ട് മാത്രമാണ്. എന്നാൽ ഈ നിലയങ്ങൾ ഇറക്കുമതി ചെയ്യാൻ മാത്രം 4 ലക്ഷം കോടി രൂപ വേണം. പെട്ടെന്ന്, ഒട്ടും പണം വകയിരുത്താതെ ഇറക്കുമതി നിലയങ്ങളിലെ വൈദ്യുതി 30,000 മെഗാവാട്ട് ആയതെങ്ങനെ? ഈ കരാർ ചർച്ചകൾ തുടങ്ങിയശേഷംമാത്രം വരുത്തിയ തിരുത്തലാണത്. എത്ര കിണഞ്ഞു ശ്രമിച്ചാലും 12 വർഷം കൊണ്ട് ഇതിന്റെ പാതിപോലും സ്ഥാപിക്കാനാവില്ല. ഇതു മുഴുവൻ സ്ഥാപിച്ചാലും അന്നത്തെ ആവശ്യത്തിന്റെ ആറു ശതമാനംമാത്രം!

## എന്തു വിലയാകും?

ഒരു ആണവനിലയം നിർമിക്കുമ്പോൾ വരുന്ന ചിലവ് മെഗാവാട്ടിന് 10 കോടിയിലധികം രൂപ ശരാശരി നിർമാണച്ചിലവുവരും. താപനിലയങ്ങൾ (കൽക്കരി ഉപയോഗിക്കുന്നവ)ക്ക് ഇത് 3-4 കോടി രൂപയിൽ താഴെയാണ്. ആണവനിലയങ്ങളുടെ നിർമാണ കാലാവധി ശരാശരി 8-10 വർഷമാണ്. എന്നാൽ താപനിലയങ്ങൾക്ക് 3-4 വർഷംമതി. ഈ കാലതാമസംമൂലമുണ്ടാകുന്ന അധികചിലവും പലിശയുംകൂടി കണക്കിലെടുത്താൽ ആണവനിലയങ്ങളുടെ നിർമാണച്ചിലവ് പിന്നെയും കൂടും.

മറ്റു വൈദ്യുതിനിലയങ്ങൾക്കില്ലാത്ത നിരവധി പ്രശ്നങ്ങൾ ആണവനിലയങ്ങൾക്കുണ്ട്. ഒരു അപകടമുണ്ടായാൽ വരുന്ന ചിലവും നാശനഷ്ടങ്ങളും അതിഭീമമാണ്. ഒരുപക്ഷെ അമ്പതുനിലയങ്ങൾ നിർമിക്കുന്ന ചിലവ് അതിനുമതിയാകില്ല. അപകടമൊന്നുമില്ലെങ്കിൽത്തന്നെ ഒരുആണവനിലയം പ്രവർത്തനം അവസാനിപ്പിച്ചാൽ നടത്തേണ്ട പ്രക്രിയയാണ് ഡീകമീഷനിങ്. ഇതിന് പത്തുവർഷത്തെകാലംവേണം. നിലയം നിർമിക്കുന്നത്രതന്നെ പണച്ചിലവുംവരും. ഇതിനേക്കാളൊക്കെ പ്രധാന പ്രശ്നമാണ് ആണവമാലിന്യങ്ങൾ സൂക്ഷിക്കുക (സംസ്ക്കരിക്കലല്ല) യെന്നത്. പതിനായിരക്കണക്കിന് വർഷങ്ങൾ അത്യുഗ്രൻ റേഡിയോ ആക്ടീവ് വികിരണങ്ങൾ പുറത്തുവിടുന്ന ഖരദ്രവ മാലിന്യങ്ങളാണ് ഓരോനിലയവും സൃഷ്ടിക്കുന്നത്. അപകടത്തേക്കാളധികം, ഈ പ്രശ്നംമൂലമാണ് പാശ്ചാത്യ രാജ്യങ്ങൾ ആണവനിലയങ്ങൾ നിർമിക്കാതിരിക്കുന്നത്. ഈ മാലിന്യങ്ങൾ പല സഹസ്രാബ്ദങ്ങൾ പുറത്തുവരാതെ എങ്ങനെ സംരക്ഷിക്കുമെന്ന ചോദ്യത്തിന് ആർക്കും വ്യക്തമായ ഉത്തരമില്ല. ഇതിനുള്ള അറകൾ നിർമിക്കാൻ വേണ്ടിവരുന്നചിലവ് ഇപ്പോൾതന്നെ അതിഭീമമാണ്. എന്നാൽ അവയൊന്നും സുരക്ഷിതമാണെന്നുപറയാനാകില്ല. ഇതിനുവേണ്ടി പതിറ്റാണ്ടുകൾ നടത്തിയ ഗവേഷണത്തിന്റെ ഫലമായി രൂപകൽപന ചെയ്ത സംഭരണികളുടെ നിർമാണചിലവ് 70,000കോടി ഡോളറാണ് എന്ന് യുഎസ് പറയുന്നു. ഇതിനായി കണ്ടെത്തിയിരിക്കുന്ന രീതി ശാന്തസമുദ്രത്തിന്റെ ഏറ്റവും ആഴമുള്ള പ്രദേശത്ത് സമുദ്രത്തിന്റെ അടി(തറ)നിരപ്പിൽനിന്നും 5000 മീറ്റർ ആഴത്തിൽ

അറകളുണ്ടാക്കുകയെന്നതാണ്. ഇന്ത്യയെപ്പോലൊരുരാജ്യം ഡീകമിഷനിങ്ങിനും മാലിന്യം സൂക്ഷിക്കാനുമുള്ള ഒരു സംവിധാനമെങ്കിലും നിർമ്മിക്കാൻ വേണ്ടിവരുന്ന ചിലവ് നാളിതുവരെയും നാം ഊർജമേഖലയിൽ മുടക്കിയ പണത്തേക്കാളധികമാകും. ഇതൊന്നും കണക്കാക്കാതെയാണ് മെഗാവാട്ടിന് 10 കോടിയെന്നുപറയുന്നത്. ഇത്തരത്തിലുണ്ടാകുന്ന വൈദ്യുതിയുടെ വില എത്രയാകുമെന്ന് ഊഹിക്കാവുന്നതേയുള്ളു. ഇപ്പോൾ ഇന്ത്യയിൽ പ്രവർത്തിക്കുന്ന ആണവനിലയങ്ങൾ നൽകുന്ന വൈദ്യുതിയുടെ വില അതിന്റെ ശരിയായവിലയല്ല. നിലയംനിർമിക്കാനും മറ്റുമുള്ള ചിലവിന്റെ വലിയൊരുഭാഗവും ഭാവിയിൽവരുന്ന മുഴുവൻ ചിലവുകളും മറച്ചുവച്ചുകൊണ്ടുള്ളതാണ്.

## ഊർജസുരക്ഷയാകുമോ?

ആണവ വൈദ്യുതികൊണ്ട് ഇന്ത്യക്ക് (എന്നല്ല ഏതെങ്കിലും രാജ്യത്തിന്) ഇനി മേൽ ഊർജ സുരക്ഷയുണ്ടാകുമെന്നു പറയാനാവില്ല. 1979നുശേഷം യുഎസിൽ ഒരു പുതിയ ആണവനിലയത്തിനുപോലും അനുമതി നൽകിയിട്ടില്ല. (അതുതന്നെയാണ് ഈ കരാറിന്റെ പിന്നിലെ രഹസ്യവും ആണവനിലയങ്ങൾ നിർമിച്ചു നൽകിയിരുന്ന വമ്പൻകുത്തകളായ ജനറൽഇലക്ട്രിക്, വെസ്റ്റിങ് ഹൗസ് മുതലായവക്ക് രണ്ടുപതിറ്റാണ്ടായി ഒരുപണിയുമില്ല. അവർ ഉണ്ടാക്കിയ യന്ത്രഭാഗങ്ങൾ തുരുമ്പെടുക്കുന്നു. അതു വിൽക്കാൻ കഴിയുന്ന ഒരു കമ്പോളമാണ് ഇന്ത്യയെന്നതിനാലാണ് ഈ കരാറിനുവേണ്ടി യുഎസ് കുത്തകകളും ഭരണകൂടവും തിരക്കുകൂട്ടുന്നത്. ഇത് 4 ലക്ഷം കോടി രൂപയുടെ വ്യാപാരമാണ്. വെറും 10% കമ്മീഷൻ കണക്കാക്കിയാൽതന്നെ 40,000 കോട രൂപ കിട്ടും. ഇറാക്ക് അധിനിവേശംപോലും യുഎസിലെ എണ്ണക്കമ്പനികൾക്കുവേണ്ടിയായിരുന്നുവെന്നത് ഇന്നൊരു രഹസ്യമല്ല!) ആണവക്കരാറിനേയും അതുവഴി ആണവനിലയങ്ങളേയും വൈദ്യുതിയേയും എതിർക്കുന്നത് കമ്പ്യൂട്ടറിനെയും മറ്റും മുമ്പ് എതിർത്തതുപോലെയാണെന്നവാദം അപ്രസക്തമാകുന്നതിവിടെയാണ്. കമ്പ്യൂട്ടറിനെ എതിർക്കുന്ന കാലത്ത് അതുണ്ടാക്കുന്ന ദോഷം എന്താണെന്ന് വെറും ഊഹാപോഹം മാത്രമായിരുന്നു. പാശ്ചാത്യ രാജ്യങ്ങളിൽപോലും അതത്രവ്യാപകമായിരുന്നില്ല. എന്നാൽ അതല്ല ആണവവൈദ്യുതിയുടെ അവസ്ഥ. പാശ്ചാത്യരാജ്യങ്ങൾ പുതിയ നിലയങ്ങൾ നിർമിക്കാത്തത്, അതുപല രീതിയിലും ദോഷകരമാണെന്ന് കണ്ടെത്തിയതിനാലാണ്. യുഎസിലെ ത്രീ മൈൽ ഐലന്റ് സോവിയറ്റ് യൂണിയനിലെ ചെർണോബിൽ തുടങ്ങിയ നിലയങ്ങളിലെ അപകടങ്ങൾ ഇതിന് ഒരു കാരണമായി. എന്നാൽ അതിനപ്പുറം സാമ്പത്തികമായും ആണവനിലയങ്ങൾ സ്വീകാര്യമല്ലെന്നു കണ്ടതും കാരണമാണ്.

## പരാശ്രിത ഊർജം

പൂർണമായും ഇറക്കുമതി ചെയ്ത ഈ നിലയങ്ങൾക്കാവശ്യമായ ഇന്ധനം എല്ലാക്കാലത്തും ഇറക്കുമതി ചെയ്യേണ്ടിവരും. ഇറക്കുമതി ചെയ്ത ഇന്ധനത്തെ ആശ്രയിച്ചുള്ള ഊർജസുരക്ഷ എത്രത്തോളമുണ്ടാകും? ഒപ്പംതന്നെ ഇന്ധനവില എത്രവേണമെങ്കിലും വർദ്ധിപ്പിക്കാൻ അതുണ്ടാക്കുന്ന രാജ്യങ്ങൾക്കുകഴിയും. കാരണം മറ്റാരിൽനിന്നും അതു കിട്ടില്ല. ഇതിനേക്കാളെല്ലാം പ്രധാനമാണ് ഇതിലടങ്ങിയിരിക്കുന്ന രാഷ്ട്രീയം. 123 കരാറിൽ ഇന്ത്യക്ക് മുടക്കം കൂടാതെ ഇന്ധനം കിട്ടാൻ യുഎസ് സഹായിക്കുമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ കരാർ റദ്ദായാലോ? ഇവിടെയാണ് ഹൈഡ് നിയമം പ്രസക്തമാകുന്നത്. യുഎസ് വിദേശനയത്തിനനുകൂലമല്ലാതെ ഇന്ത്യ നിലകൊണ്ടാൽ യുഎസ് കോൺഗ്രസിന് ഈ കരാർ റദ്ദാക്കാനാവും. ഇരുകൂട്ടർക്കും കരാറിൽനിന്നും പിറകോട്ടുപോകാൻ 'ഒരുപോലെ അവകാശമുണ്ട്' എന്ന കരാർ വാചകം ഒരു തമാശയാണ്. കാരണം കരാർ റദ്ദാക്കാനുള്ള നിയമം യുഎസിനു മാത്രമാണുള്ളത്. ഇരുരാജ്യങ്ങളുടേയും ആഭ്യന്തരനിയമങ്ങളനുസരിച്ചാണ് ഈ കരാർഎന്നവർ വ്യക്തമായി പറയുന്നുമുണ്ട്. ഇന്ത്യ ഒരിക്കലും കരാർ റദ്ദാക്കാൻ ശ്രമിക്കില്ല. കാരണം 4 ലക്ഷംകോടി രൂപ വിലക്കുള്ള ആണവനിലയങ്ങളാണ് കരാർ അനുസരിച്ച് നാം വാങ്ങുന്നത്. ഇന്ധനം ലഭ്യമല്ലാതായാൽ നമ്മുടെ നിലയങ്ങൾ നിന്നുപോകും. അതോടെ മുടക്കിയ പണംപോകും. താരാപൂരിൽ ഒരു നിലയത്തിനാണ് പ്രശ്നമുണ്ടായതെന്നതിനാൽ അതു നമ്മെ കാര്യമായി ബാധിച്ചില്ല. എന്നാൽ ഇവിടെ 100 താരാപൂരുകൾ നിലച്ചുപോകും. ഈ അവസരമുപയോഗിച്ചാണ് യുഎസ് ഇടപെടൽ നടത്തുക. ഇറാനെതിരായി നിലപാടെടുത്താൽമാത്രമേ ഇന്ത്യക്ക് ഇന്ധനം നൽകാനാവൂ എന്നവർപറയും. നാമെന്തുചെയ്യും? അപ്പോൾ ഇന്ത്യയിലെ ഉന്നതമദ്ധ്യവർഗം (അവരാണെന്നും ഇന്നും യുഎസ് പക്ഷപാതികൾ!) ചോദിക്കും. ഇറാന്റെ കാര്യമാണോ നമ്മുടെ വൈദ്യുതിയാണോ പ്രധാനം എന്ന്. തീർച്ചയായും നമുക്ക് വഴങ്ങേണ്ടിവരും.

ഊർജസുരക്ഷയാണ് നമ്മുടെ യഥാർത്ഥ ലക്ഷ്യമെങ്കിൽ ഇറാനിൽനിന്നും പാക്കിസ്ഥാൻവഴി ഇന്ത്യയിലേക്ക് പ്രകൃതിവാതകം കൊണ്ടുവരാനുള്ള പദ്ധതിയിൽ സർക്കാരിനു താൽപര്യം ഉണ്ടാകാത്തതെന്തുകൊണ്ട്? ലോകത്തിലെ ഏറ്റവും വലിയ പ്രകൃതിവാതകശേഖരമുള്ള രാജ്യമാണ് ഇറാൻ. (ഉത്തരധ്രുവത്തിൽ യുഎസിനുള്ള, ഇപ്പോൾ ഉപയോഗിക്കാത്ത ശേഖരം ഒഴിവാക്കിയാൽ) ഏറ്റവും കുറഞ്ഞ ചിലവും പരിസ്ഥിതിനാശവുമുള്ള ഇന്ധനമാണ് പ്രകൃതിവാതകം. വൻതോതിൽ പ്രകൃതിവാതകം ഇന്ത്യക്കു ലഭ്യമായാൽ നമ്മുടെ വൈദ്യുതിയടക്കമുള്ള മൊത്തം ഊർജാവശ്യത്തിന്റെ (വാഹനങ്ങളിലും ഫാക്ടറികളിലുമുള്ള തുടക്കം) സിംഹഭാഗവും കുറഞ്ഞ ചിലവിൽ പൂർത്തീകരിക്കാനാകും. തന്നെയുമല്ല ഗാർഹികാവശ്യങ്ങൾക്ക് വളരെകുറഞ്ഞ വിലക്ക് പാചകവാതകം നൽകാനും

കഴിയും. എന്നാൽ യുഎസ് ഇടപെടൽമൂലം ആ പദ്ധതി ഉപേക്ഷിക്കുന്നു. ഇതിനു പകരം കേവലം 6 ശതമാനം വിലകൂടിയ വൈദ്യുതിക്കുവേണ്ടി നാം 123 കരാർ ഒപ്പിടുന്നത് രാജ്യത്തിലെ ആരുടെതാൽപര്യം സംരക്ഷിക്കാനാണ്! ഏത് ഊർജ സുരക്ഷക്കാണ്?

## സാങ്കേതികവിദ്യ കിട്ടുമോ?

ആണവ രംഗത്തെ സൈനികേതര സാങ്കേതികവിദ്യകളെല്ലാം ഈ കരാർവഴി ഇന്ത്യക്കു ലഭ്യമാകുമെന്ന പ്രധാനമന്ത്രിയുടെ ഉറപ്പും കള്ളമാണെന്നു തെളിയുന്നു. കരാറിൽ ഇക്കാര്യം ഒഴുക്കൻമട്ടിൽ പറയുന്നുവെന്നതുശരിയാണ്. എന്നാൽ ഇവിടെയും സാങ്കേതികവിശദാംശങ്ങളിലേക്കുവന്നാൽ സത്യം ബോധ്യമാകും. സമ്പൂർണ ആണവസഹകരണം, പൂർണമായ ഇന്ധനചക്രത്തിനുള്ള അവകാശം മുതലായവ സാങ്കേതിക പ്രയോഗങ്ങളാണ്. ഏറ്റവും ചുരുങ്ങിയത് നാല് സാങ്കേതിക വിദ്യകളെങ്കിലും ഇന്ത്യയുടെ ആണവ സ്വാതന്ത്ര്യത്തിന് ആവശ്യമാണ്. ഇന്ത്യയിൽ ലഭ്യമാകുന്ന യൂറേനിയത്തെ ഇന്ധനകേക്കുകളാക്കുന്നതിനുള്ള പുതിയ സാങ്കേതിക വിദ്യയാണ് ഇതിൽ ഏറ്റവും ലളിതമായത്. അത് ഇന്ത്യക്കു നൽകില്ല. ഇറക്കുമതിചെയ്യുന്ന നിലയങ്ങളിലെ ഇന്ധനം സമ്പുഷ്ടീകരിച്ച (2.5%) യൂറേനിയമാണ്. സമ്പുഷ്ടീകരണത്തിനുള്ള സാങ്കേതികവിദ്യ നമുക്കില്ല. ഇതേ സാങ്കേതികവിദ്യ ഉപയോഗിച്ച് (അതിനു വേറെയും നിരവധി വൻ സംവിധാനങ്ങൾവേണം!) സൈനികായുധങ്ങളുണ്ടാക്കാമെന്ന ന്യായം പറഞ്ഞുകൊണ്ട് ഈ സാങ്കേതിക വിദ്യയും നമുക്കുനൽകുന്നില്ല. നാം സ്വയം വികസിപ്പിക്കുന്നതും തടയുന്നു. പൂർണമായും ഇറക്കുമതിയെ ആശ്രയിക്കണം. ഇതിനേക്കാൾ ഇന്ത്യക്കു പ്രധാനമാണ് ഘനജല ഉൽപാദനത്തിന്റെ സാങ്കേതികവിദ്യ. ഇത് ആയുധനിർമാണവുമായി വലിയ ബന്ധമില്ലാത്ത ഒന്നാണ്. എങ്കിലും അതു നമുക്കു തരാൻ യുഎസ് തയ്യാറില്ല. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇതിനേക്കാളൊക്കെ നിർണായകമാണ്. ഉപയോഗശേഷമുള്ള ഇന്ധനപുനസംസ്ക്കരണത്തിനുള്ള സാങ്കേതികവിദ്യ. ഇതും ആയുധമുണ്ടാക്കുമെന്ന പേരിൽ തരുന്നില്ല. ഇന്ത്യയുടെ ഇന്ധനചക്രം പൂർത്തിയാക്കാൻ ഏറ്റവും നിർണായകമായ പുനസംസ്ക്കരണത്തിന്റെ കാര്യത്തിൽ അവർ ഒരു സൗജന്യം അനുവദിക്കുന്നു. മറ്റുള്ളവ ഇന്ത്യ ഒരിക്കലും സൃഷ്ടിക്കാൻ പാടില്ലായെങ്കിലും പുനസംസ്ക്കരണ പ്ലാന്റ് സ്വന്തം സാങ്കേതികവിദ്യവച്ച് നിർമ്മിക്കാൻ നമുക്കനുവാദമുണ്ട്. പക്ഷെ ഇത് സാമ്പത്തികമായും സാങ്കേതികമായും (രാഷ്ട്രീയമായും) അത്രലളിതമായ ഒന്നല്ല. (അന്താരാഷ്ട്ര ആണവോർജ ഏജൻസിയുടെ ഇടപെടലുകൾ ഇതിൽ നിർണായകമാണ് അതു പിറകെ!) നാം ഒട്ടേറെ ഗവേഷണ പ്രവർത്തനങ്ങൾ ഇതിനായി നടത്തണം. നിലവിലുള്ള സംവിധാനങ്ങൾ നാം ഉപേക്ഷിക്കേണ്ടിവരും. പുതുതായി ഒരു പുനസംസ്ക്കരണ നിലയം സ്ഥാപിക്കാൻ ഏറ്റവും കുറഞ്ഞത് 10,000 കോടി രൂപയും എട്ടുപത്തുവർഷത്തെ നൂറുകണക്കിനു ശാസ്ത്രജ്ഞരുടേയും സാങ്കേതിക വിദഗ്ദ്ധരുടേയും അദ്ധ്വാനവും വേണം. ഇതൊക്കെ ഉണ്ടായാലും യുഎസ് നിർദ്ദേശിക്കുന്ന എല്ലാ നിയന്ത്രണങ്ങളും പാലിക്കുമെന്ന് ഉറപ്പു നൽകുന്ന മറ്റൊരു കരാറിൽ (131 എന്നാണതിന്റെ പേര്) കൂടി നാം ഒപ്പു വയ്ക്കണം. ഇക്കാര്യം 123യിൽ പറയുന്നതേയില്ല. മനഃപൂർവ്വം ജനങ്ങളിൽനിന്ന് മറച്ചുപിടിക്കാനാണിതു ചെയ്തതെന്നു കരുതാം. കാരണം ഇതു ചർച്ച ചെയ്ത ഇന്ത്യൻ വിദഗ്ദ്ധർക്ക് ഇക്കാര്യം അറിയില്ലെന്നു പറയാനാവില്ലല്ലോ.

## സുരക്ഷാ പരിശോധന എന്ത്?

ഐഎഇഎയുമായി നാമുണ്ടാക്കിയ കരാർ കൂടി വിശദീകരിച്ചാലേ നമ്മുടെ കഴുത്തിൽ മുറുക്കുന്ന കുരുക്കിന്റെ ശക്തി ബോധ്യപ്പെടൂ! ആണവ മേഖലയിൽ ഇന്ത്യ സ്വീകരിക്കേണ്ട സുരക്ഷാമാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് ഈ കരാറിൽ പറയുന്നത്. ആണവനിർവ്യാപനകരാറിൽ (എൻപിടി) ഒപ്പിടാത്ത ഒരു രാജ്യമാണ് ഇന്ത്യ. ഒപ്പിട്ട രാജ്യങ്ങളെ ഐഎഇഎ രണ്ടായിതിരിക്കുന്നു. ആണവായുധമുള്ള രാജ്യങ്ങൾ (എൻഡബ്ലിയുഎസ്), ആണവായുധമില്ലാത്ത രാജ്യങ്ങൾ (എൻഎൻഡബ്ലിയുഎസ്) എന്നിങ്ങനെ. ഇരുവിഭാഗങ്ങളുടെയും സുരക്ഷാമാനദണ്ഡങ്ങൾ വ്യത്യസ്തമാണ്. രണ്ടാം വിഭാഗക്കാർ തങ്ങളുടെ എല്ലാവിധ ആണവ പ്രവർത്തനങ്ങളും ഐഎഇഎ പരിശോധനക്കു നൽകണം. അവരുടെ ഏതു സ്ഥാപനത്തിലും ഏതു സമയത്തും കയറി പരിശോധിക്കാൻ ഇവർക്കധികാരമുണ്ട്. എന്നാൽ ഒരിക്കൽ ആണവായുധം പരീക്ഷിച്ച രാജ്യങ്ങളെന്ന നിലക്ക് യുഎസ്, ചൈന, റഷ്യ, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നിവരെ അണ്വായുധ രാഷ്ട്രങ്ങളായി പരിഗണിച്ച് അവരുടെ 'അനുവദിക്കപ്പെട്ട നിലയങ്ങൾ'മാത്രം പരിശോധിക്കാം. എന്നാൽ ഇന്ത്യ ഇതിൽ ഏതു വിഭാഗത്തിൽ പെടുന്നുവെന്ന് പറയാൻ പ്രയാസമാണ്. ഏജൻസിയുടെ നിർവ്വചനമനുസരിച്ച് നാം അണ്വായുധ രാഷ്ട്രമല്ല. എന്നാൽ യാഥാർത്ഥ്യ ബോധത്തോടെ നോക്കിയാൽ നാം ആയുധം പരീക്ഷിച്ചിട്ടുമുണ്ട്. ഇതു മറകടക്കാനെന്നപേരിൽ ഒരു പ്രത്യേക രീതി ഇന്ത്യക്കായുണ്ടാക്കി. ഇന്ത്യ തങ്ങളുടെ ആണവസ്ഥാപനങ്ങളെ രണ്ടായി വേർതിരിക്കണം. യുദ്ധേതരസ്ഥാപനങ്ങളെന്നും യുദ്ധസ്ഥാപനങ്ങളെന്നും. ഒന്നാം വിഭാഗം (സിവിൽ സ്ഥാപനങ്ങൾ) പട്ടികപ്പെടുത്തി ഏജൻസിക്കു നൽകുക. അവിടെമാത്രമേ അവർ പരിശോധിക്കൂ. ഇതിലൂടെ ഇന്ത്യയെ ഒരു അണ്വായുധ രാജ്യമായി (പരോക്ഷമായെങ്കിലും) ലോകം അംഗീകരിച്ചുവെന്ന അവകാശവാദം ശരിയാണ്. എന്നാൽ അതുകൊണ്ട് ഇന്ത്യക്കെന്തു പ്രയോജനം?

## വേർതിരിക്കൽ എന്ത്? നമ്മുടെ നിലയങ്ങൾക്കെന്തുസംഭവിക്കു?

സിവിൽസ്ഥാപനങ്ങളായി നാം പറയുന്നവയെല്ലാം ഏജൻസി പ്രതിനിധികൾ നിരന്തരപരിശോധനക്കു വിധേയമാക്കും. അതിനകത്തുനിന്നു പുറത്തേക്ക് യാതൊരുവിധ ആണവസാമഗ്രികളുംകൊണ്ടുപോകാൻപാടില്ല.

തന്നെയുമല്ല ഏതെങ്കിലും വിദേശരാജ്യത്തുനിന്ന് ഇറക്കുമതി ചെയ്ത ആണവസാമഗ്രികളോ യന്ത്രങ്ങളോ സാങ്കേതികവിദ്യയോ ഈ നിലയങ്ങളിൽ മാത്രമേ പ്രയോഗിക്കുവാൻ പാടുള്ളൂ. ഇത് പറയുന്നത്ര ലളിതമായ നിബന്ധനയല്ല. നിലവിൽ ഇന്ത്യക്ക് ഊർജനിലയങ്ങൾക്കു പുറമേ നിരവധി സ്ഥാപനങ്ങളുണ്ട്. യൂറേനിയം ഖനനം, സംസ്ക്കരണം, ഇന്ധനമുണ്ടാക്കൽ, ഘനജലനിർമാണം, ($D_2O$) ഉപയോഗിച്ച ശേഷമുള്ള ഇന്ധന പുനസംസ്ക്കരണം, ഒട്ടനവധി ഗവേഷണ സ്ഥാപനങ്ങളും (മുംബയിലെ ബാർക്ക്, കൽപാക്കത്തെ ഇന്ദിരാഗാന്ധി ഗവേഷണ കേന്ദ്രം മുതലായവ) അവയ്ക്കകത്ത് പരീക്ഷണത്തിനായി സ്ഥാപിക്കപ്പെട്ട നിലയങ്ങളുമുണ്ട്. മുംബയിലെ ബാർക്കിനകത്തെ സൈറസ്, ധ്രുവ എന്നിവയും കൽപാക്കത്തെ ഫാസ്റ്റ്സ്രീഡർ ടെസ്റ്റ് നിലയവും ഇവയിൽ പ്രധാനമാണ്. ഇറക്കുമതി ചെയ്ത സാമഗ്രികളോ ഇന്ധനമോ യന്ത്രങ്ങളോ സാങ്കേതികവിദ്യകളോ ഇവയിൽ ഏതിലെങ്കിലും ഒരിക്കലെങ്കിലും ഉപയോഗിക്കണമെങ്കിൽ ഇവയെല്ലാം ഐഎഇഎ സുരക്ഷാ പരിശോധനക്കു നൽകണം. ഒരിക്കൽ അങ്ങനെ നൽകിയാൽപിന്നെ ഒരിക്കലും നമുക്കത് തിരിച്ചെടുക്കാനാവില്ല. (ഇത് പല രീതിയിൽ നിർണായകമാണ്. യുഎസ്-ഇന്ത്യകരാറിനുവേണ്ടിയാണ് ഐഎഇഎ സുരക്ഷാ മാനദണ്ഡങ്ങൾ നാം സ്വീകരിക്കുന്നതെങ്കിലും ആ കരാർ റദ്ദായാലും നമ്മുടെ നിലയങ്ങൾ പരിശോധിക്കാനുള്ള ഐഎഇഎയുടെ അധികാരം ഇല്ലാതാകുന്നില്ല!) ഇപ്പോഴത്തെ ഗവേഷണസ്ഥാപനങ്ങളിൽനിന്ന് നാം സൈനികവും അല്ലാത്തതുമായ ആവശ്യങ്ങൾക്ക് സാമഗ്രികൾ ഉപയോഗിക്കുന്നുണ്ട്. ഇവ ഐഎഇഎ നിരീക്ഷണത്തിലായാൽ, അവരുടെ നിരീക്ഷണത്തിലില്ലാത്ത (സൈനിക) സ്ഥാപനങ്ങളിലേക്ക് ഒരു സാമഗ്രിയും ഇവിടെനിന്ന് കടലാസുംവരെകൊണ്ടുപോകാൻ അനുവദിക്കില്ല. ഫലത്തിൽ രണ്ടു സാദ്ധ്യതകളാണുള്ളത്. ഇറക്കുമതി ചെയ്ത സാങ്കേതികവിദ്യയും യന്ത്രങ്ങളും നിലവിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ ഉപയോഗിക്കാതിരിക്കുക, അവയെ നിരീക്ഷണത്തിനു പുറത്തു നിർത്താം. അപ്പോൾ സൈനികേതരാവശ്യങ്ങൾക്കുള്ള (സിവിൽ) ഗവേഷണത്തിനായി നാം പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടിവരും. മറിച്ച് നിലവിലുള്ള സ്ഥാപനങ്ങളെ സമാധാനാവശ്യത്തിനുമാത്രം ഉപയോഗിക്കാൻ തീരുമാനിച്ച് നിരീക്ഷണത്തിനു നൽകിയാൽ പുതിയ സാങ്കേതികവിദ്യകൾ സമാധാനാവശ്യങ്ങൾക്കു ലഭ്യമാക്കാം. പക്ഷെ സൈനിക ഗവേഷണത്തിന് പുതിയ സ്ഥാപനങ്ങളുണ്ടാക്കണം. ഇതിന് മുമ്പു പറഞ്ഞതിന്റെ പലമടങ്ങ് പണച്ചിലവും അദ്ധ്വാനവുംവേണം. ഇത് ഗവേഷണ സ്ഥാപനങ്ങളുടെ മാത്രം പ്രശ്നമല്ല. ഒരേ ഇന്ധന പുനഃസംസ്ക്കരണ കേന്ദ്രത്തിൽനിന്ന് പ്ലൂട്ടോണികം വേർതിരിച്ചെടുത്ത് ഫാസ്റ്റ്ബ്രീഡർ നിലയത്തിലേക്കും ആയുധനിർമാണത്തിനുംകൊണ്ടുപോകാൻ ഇനി നമുക്കാകില്ല. രണ്ടും വേറെവേറെ വേണം. ചുരുക്കത്തിൽ ഐഎഇഎക്കായി സ്ഥാപനങ്ങൾ വേർതിരിച്ചു നൽകുകയെന്നത് കേവലം ഒരു പട്ടകയുണ്ടാക്കി നൽകുന്നത്ര ലഘുവായകാര്യമല്ല.

തങ്ങളുടെ നിരീക്ഷണത്തിനു വിട്ടുകിട്ടുന്ന സ്ഥാപനങ്ങളിലെ ഓരോമുക്കുംമൂലയും അവരുടെ നിയന്ത്രണത്തിലായിരിക്കും. ഓരോതരി ഇന്ധനവും ഓരോയന്ത്രവും അവർ നിരീക്ഷണത്തിനുവിധേയമാകും. ഏതു നിമിഷത്തിലും അവിടേക്കുവന്ന സാമഗ്രികൾ, ഉപയോഗിച്ചവ, ബാക്കി എന്നി കണക്കുകൾ കൃത്യമായിരിക്കണം. അതിൽ പിഴവു വന്നാൽ വൻ ശിക്ഷവരെയുണ്ടാകാം. ഒരു വസ്തുപോലും ആയുധനിർമാണത്തിനു പോകില്ലെന്നുറപ്പാക്കാനാണിത്. ഇപ്പോൾ തയ്യാറാക്കിയ കരാറിനു പുറത്താണ് അഡീഷണൽ പ്രോട്ടോക്കോൾ എന്ന പുതിയ കുരുക്കുവരുന്നത്. ഏതു സമയത്തും സംശയം തോന്നിയാൽ മിന്നൽ പരിശോധന നടത്തൽ അവരെ അനുവദിക്കുന്ന വകുപ്പിനുള്ള സുന്ദര നാമമാണത്.

### സ്വന്തം പരിപാടി ഇനിയില്ല.

കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ ലക്ഷം കോടി രൂപയിലധികം ചിലവു ചെയ്ത് നിർമ്മിച്ചെടുത്ത സ്ഥാപനങ്ങൾ ഇവരുടെ നിയന്ത്രണത്തിലാകുമെന്നുമാത്രമല്ല, യുഎസ് അംഗീകാരത്തോടെ നാം നിർമിക്കുന്ന പുനഃസംസ്ക്കരണ നിലയവും ഇവരുടെ നിയന്ത്രണത്തിലാണ്. അതിന്റെ രൂപകൽപനാ രേഖകൾ (ഡ്രോയിങ്ങുകൾ) ഒന്നൊഴിയാതെ ഇവരെ കാണിച്ച് അംഗീകാരം വാങ്ങിയശേഷമേ നിർമ്മാണം നടത്താനാകൂ. അതായത് ഇന്ത്യൻ ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ദ്ധരും ഇനിയും വികസിപ്പിക്കാനിടയുള്ള മുഴുവൻ വിവരങ്ങളും നാം ഇവർക്കു നൽകണം. അതുവഴി ലോകത്തിനു മുഴുവൻ ലഭ്യമാകും എന്നർത്ഥം. തന്നെയുമല്ല ഹോമിഭാഭയുടെ കാലം മുതൽ നാം തയ്യാറാക്കി നടപ്പിലാക്കി വരുന്ന നമ്മുടെ തനതായ ആണവവികസനപരിപാടി(മൂന്നു ഘട്ട പരിപാടി)യുടെ അന്ത്യവും ഈ കരാറുകളിലൂടെ കുറിയ്ക്കപ്പെടുന്നു. ഇതും തുറന്നുപറയുന്നില്ലെങ്കിലും സൂക്ഷ്മ വായനയിൽനിന്നു വ്യക്തമാകും. ഇന്ത്യയിൽ സുലഭമായിട്ടുള്ള പ്രകൃതിദത്തയുറേനിയവും ചവറ തീരത്തു സുലഭമായിട്ടുള്ള തോറിയവും ഇന്ത്യക്കാർ സ്വന്തമായി വികസിപ്പിച്ചെടുക്കുന്ന സാങ്കേതിക വിദ്യയും ഉപയോഗിച്ചുള്ളതാണ് ഈ 3 ഘട്ട പരിപാടി.

പ്രകൃതിദത്തയുറേനിയവും ഘനജലവും ($D_2O$) ഉപയോഗിച്ച് പ്രവർത്തിക്കുന്ന റിയാക്ടർ (PHWR) പൂർണമായും നിർമിക്കാനുള്ള ശേഷി നാം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഔദ്യോഗികസ്ഥാപനങ്ങളുടെകെടുകാര്യസ്ഥതയും സാമ്രാജ്യത്വത്തോട് ഭരണകർത്താക്കൾ പലപ്പോഴും പ്രകടിപ്പിക്കുന്ന അനുഭാവവും അഴിമതിയുമെല്ലാംമൂലം നമ്മുടെ ആണവപരിപാടികൾ മുന്നോട്ടുപോകാൻ തടസ്സങ്ങളുണ്ടായിട്ടുണ്ട്. അതിന്റെ ഫലമായി താൽക്കാലികമായി ഇന്ധനക്ഷാമവും ഘനജലക്ഷാമവും ഉണ്ട്. എന്നാൽ ഇതെല്ലാം പരിഹരിക്കാവുന്നതേയുള്ളൂ. ഈ തരത്തിലുള്ള 14 നിലയങ്ങൾ, നാം നിർമിച്ചവ, ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം നിലയങ്ങളിൽ ഉപയോ ശേഷമുള്ള ഇന്ധനത്തിൽ കുറെ പ്ലൂട്ടോണിയം രൂപംകൊണ്ടിരിക്കും.

ആ പ്ലൂട്ടോണിയം പുനഃസംസ്ക്കരണത്തിലൂടെ വേർതിരിച്ചെടുത്ത് അതുപയോഗിക്കുന്ന ഫാസ്റ്റ്ബ്രീഡർ റിയാക്ടറുകൾ നിർമിക്കുന്നതാണ് രണ്ടാംഘട്ടം. ഏറെവൈകിയാണെങ്കിലും ഒരു പരീക്ഷണബ്രീഡർ നിലയം നാം കൽപാക്കത്തെ ഗവേഷണ കേന്ദ്രത്തിൽ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്. 500 മെഗാവാട്ട് ശേഷിയുള്ള ഒരു വലിയ ഫാസ്റ്റ്ബ്രീഡർ നിലയത്തിന്റെ രൂപകൽപന പൂർത്തിയാക്കി നിർമാണമാരംഭിച്ചിരിക്കുന്നു. ഉപയോഗിക്കുന്നതിനേക്കാൾ അധികം ഇന്ധനം നിർമിക്കുന്നുവെന്നതിനാലാണ് ഇവയെ 'ബ്രീഡർ' എന്നുവിളിക്കുന്നത്. ഇത്തരം റിയാക്ടറുകൾക്ക് ഒരു പുതപ്പുപോലെ തോറിയം ചുവരുകളുണ്ടാക്കുന്നു. റിയാക്ടറുകൾ പ്രവർത്തിക്കുമ്പോൾ പുറത്തുവരുന്ന ന്യൂട്രോണുകൾ തട്ടി തോറിയം ഭാഗികമായി യുറേനിയം-233 എന്ന ഇന്ധനമായിമാറുന്നു. പിന്നീട് തോറിയംപുതപ്പ് പുറത്തെടുത്ത് പുനഃസംസ്ക്കരണം നടത്തിയുറേനിയം വേർതിരിച്ചാൽ സാധാരണ ജലം ഉപയോഗിക്കുന്ന നിലയങ്ങളുണ്ടാക്കാം. ഇതാണ് മൂന്നാംഘട്ടം. പക്ഷെ ഈ പദ്ധതി മുന്നോട്ടു പോകണമെങ്കിൽ ഏറ്റവും നിർണായകമായി വേണ്ടത് പലതരം പുനഃസംസ്ക്കരണത്തിനുള്ള സാങ്കേതികവിദ്യകളും യന്ത്രസാമഗ്രികളുമാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ ഈ കരാറുകൾവച്ചുകൊണ്ട് പുതിയ സംസ്ക്കരണ സംവിധാനമുണ്ടാക്കുകയെന്നത് ഏതാണ്ട് അസാദ്ധ്യമായ കാര്യമാണ്. ഫലത്തിൽ നാമിതുവരെ നടത്തിയ ശ്രമങ്ങളും മുടക്കിയ പണവും വെറുതെയാകുന്നു. നമ്മുടെ ഊർജാവശ്യം നേരിടാൻ ഇറക്കുമതി ചെയ്ത നിലയങ്ങളേയും ഇന്ധനങ്ങളേയും മാത്രം ആശ്രയിക്കേണ്ടിവരുന്നു. ഈ കരാറുകളെ മറികടന്ന് ഏതെങ്കിലും വിധത്തിലുള്ള 'സാഹസ'ത്തിനു നാം മുതിർന്നാൽ പിടിക്കാനുള്ള സംവിധാനമാണ് ഐഎഇഎ ഇന്ത്യയുടെ നിലയങ്ങൾക്ക് ആജീവനാന്ത പരിശോധന നടത്തുന്നത്.

## കരാറിലെ കുരുക്കുകൾ

ഇന്ധനസുരക്ഷ 'ഉറപ്പാക്കു'മെന്ന് വലിയ വാചകത്തിൽ എഴുതിവയ്ക്കുമ്പോഴും ഫലത്തിൽ അതു സാധ്യമാകാത്ത വിധമാണ് കരാറിലെ വകുപ്പുകൾ. 123 കരാർ റദ്ദായാൽ എന്തു സംഭവിക്കുമെന്ന ചോദ്യത്തിന് 'തിരുത്തൽ നടപടികൾ' എടുക്കാൻ സാധിക്കുമെന്ന് ഐഎഇഎ സുരക്ഷാ കരാറിന്റെ ആമുഖത്തിൽ എഴുതിയിരിക്കുന്നുവെന്നതാണ് ഇന്ത്യൻ നേതൃത്വം മറുപടിപറയുന്നത്. കരാറിലെ മറ്റുപല വകുപ്പുകളും ഇത് അസാധ്യമാക്കുന്നവയാണെന്ന സത്യം അവർ മറച്ചുപിടിക്കുന്നു. 'തിരുത്തൽ നടപടികൾ' എന്ന ഈ വാക്കുകൾ കരാറിന്റെ വകുപ്പുകളിൽ ചേർക്കാൻ ഇന്ത്യൻ സംഘം കിണഞ്ഞു ശ്രമിച്ചു. നാലിടത്തെങ്കിലും ഇതിനു സാദ്ധ്യതയുണ്ടായിരുന്നു. എന്നാൽ ഐഎഇഎ-യുഎസ് വിദഗ്ദ്ധർ അതു സമർത്ഥമായി തടഞ്ഞു. അതെന്തുകൊണ്ടെന്നെങ്കിലും ഇവർ ആലോചിക്കേണ്ടതായിരുന്നില്ലേ? കരാറിന്റെ 29 മുതൽ 32വരെയുള്ള വകുപ്പുകളിൽ 'കരാർ റദ്ദാക്കൽ' സംബന്ധിച്ചു പറയുന്ന നിബന്ധനകൾ വായിച്ചാൽ ഇന്ത്യക്ക് ഒരു 'തിരുത്തൽ നടപടി'ക്കും സാധ്യതയില്ലെന്നുവ്യക്തമാകും. കരാർ റദ്ദായാൽ ഇന്ത്യക്കൊന്നും ചെയ്യാനാകില്ല. ഏതു ദേശീയ അന്തർദ്ദേശിയ കരാറിലും 'ആമുഖ'ത്തേക്കാൾ പ്രധാനമാണ് അതിലെ വകുപ്പുകൾ എന്നു വ്യക്തമാണല്ലോ. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പലതും പറയുന്നുണ്ടെങ്കിലും അതിലെ വകുപ്പുകൾ എതിരാണെങ്കിൽ അവയാണ് നിലനിൽക്കുക. അതുപോലെതന്നെ "ഈ കരാറിൽ ഇന്ത്യഏർപ്പെടാൻ കാരണം തന്ത്രപരമായ ഇന്ധന ശേഖരം ലഭ്യമാകുന്നതിനുവേണ്ടിയാണ് "എന്ന് ആമുഖത്തിലുണ്ടായിട്ടും ഒരു പ്രയോജനവുമില്ല. റിയാക്ടർ വാങ്ങിക്കഴിഞ്ഞാൽ ഇന്ധം നൽകുന്നതിൽനിന്ന് ഒഴിവാകാനുള്ള എല്ലാ വകുപ്പുകളും അതിലുണ്ട്. കരാറിൽ ഏർപ്പെടുന്നതിന്റെ ലക്ഷ്യം എന്തായാലും കരാറിലെ വകുപ്പുകൾക്ക് മീതെ അതു നിലനിൽക്കില്ല. ഉദാഹരണത്തിന് രണ്ടുപേർ തമ്മിലുള്ള പ്രേമമാണ് വിവാഹത്തിനു കാരണമെങ്കിലും അതിലൊരാൾക്ക് പ്രേമം ഇല്ലാതായാലും കരാർ ഇല്ലാതാകുന്നില്ലല്ലോ.

## തർക്കപരിഹാരം എങ്ങനെ?

ഇത്തരം സാമ്രാജ്യത്വ (രാജ്യങ്ങളുമായുള്ള) കരാറുകളെല്ലാംതന്നെ ഏറെ അവ്യക്തമായ വാചകങ്ങളോടുകൂടിയവയായിരിക്കും. ഈ കരാറുകളിലെ (123) തർക്കപരിഹാരം സംബന്ധിച്ച വ്യവസ്ഥനോക്കുക. ഏതെങ്കിലും വിഷയത്തിൽ തർക്കമുണ്ടായാൽ ഇരു കൂട്ടരും ചർച്ചയിലൂടെ പരിഹരിക്കണം. നല്ലകാര്യം. ഇവിടെ ഇരുകക്ഷികളും ഒരു തരത്തിലും തുല്യരല്ലെന്ന ഒരു പ്രധാനപ്രശ്നമുണ്ട്. തന്നെയുമല്ല. ഏത് അന്താരാഷ്ട്രക്കരാറിലും ഉഭയകക്ഷി ചർച്ചകളിലൂടെ പ്രശ്നം സാദ്ധ്യമല്ലാതെ വന്നാൽ ഏതെങ്കിലും തർക്ക പരിഹാരസ്ഥാപനത്തിന് (ആർബിട്രേഷന്) വിടുകയെന്നതാണ് നിർബന്ധമായും തുടരുന്നരീതി. സാധാരണ വ്യാപാരക്കരാറുകളിൽ പോലും ഇതുണ്ട്. ഈയൊരൊറ്റ വ്യവസ്ഥക്കുവേണ്ടി ജപ്പാൻ രണ്ടുവർഷം ചർച്ചകൾ നീട്ടിക്കൊണ്ടുപോയി. ചൈന കരാറിൽ ഒപ്പിട്ടത് 13 വർഷത്തെ ചർച്ചകൾക്കുശേഷമാണ്.

ഏതെങ്കിലും തർക്കമുണ്ടായി ചർച്ച പരാജയപ്പെട്ടാൽ പിന്നെന്തു സംഭവിക്കും? ഒന്നും പറയുന്നില്ല. (യുഎസ് പറഞ്ഞതെല്ലാം നാം അനുസരിക്കുമെന്ന മൻമോഹൻസിങ് നിലപാട് എല്ലാ പ്രധാനമന്ത്രിമാർക്കുമുണ്ടാകുമോ? അതായത് എക്കാലവും നാം അടിമകളായിരിക്കുമോ?) കരാറുമായി മുന്നോട്ടുപോകാൻ ഏതെങ്കിലുമൊരുകക്ഷിക്കു താൽപര്യമില്ലെന്നുവന്നാൽ പിന്നെന്ത്? കരാർ പറയുന്നത് 'ഉടനെ' ചർച്ചകൾ നടത്തണം എന്നാണ്. ചർച്ചകൾ വിജയിക്കില്ലെന്നു ബോധ്യമായാൽ കരാർ റദ്ദാക്കാൻ ആവശ്യപ്പെടാം. (ഏകപക്ഷീയമായി കരാർ റദ്ദാക്കാനാവും എന്നതുതന്നെ ഇന്ത്യക്ക് അപകടരമാണ്!) മുൻകൂർ നോട്ടീസ് നൽകണം. എന്നാൽ നോട്ടീസ് നൽകുന്നതോടെ

ഭൗതികമായ സഹകരണം-ഇന്ധനം, യന്ത്രങ്ങൾ മുതലായവ നൽകൽ-നിർത്തിവയ്ക്കപ്പെടുന്നു. ഫലത്തിൽ ഇന്ത്യയുടെ നിലയങ്ങൾ നിലക്കുന്നു. അന്തിമമായി കരാർ റദ്ദായാൽ അമേരിക്ക ഇന്ത്യക്കു നൽകിയ എല്ലാ ആണവ ആണവേതര സാമഗ്രികളും തിരിച്ചു നൽകണം. അതിനവർ പണം തന്നേക്കാം. പക്ഷെ പ്രശ്നമതല്ല. ഒറ്റയടിക്ക് ഇന്ത്യയുടെ വൈദ്യുതി ഉൽപാദനം നിലയ്ക്കും. ഇത് സമ്പൂർണമായ കീഴടങ്ങൽ വ്യവസ്ഥയാണ്. ഏതെങ്കിലും ഒരു കക്ഷിക്ക് ഒരു 'അതീവ പ്രത്യേക സാഹചര്യം' ഉണ്ടെന്നു തോന്നിയാൽ കരാറിൽനിന്നു പിന്മാറാം എന്ന വ്യവസ്ഥ തന്നെ എത്ര അവ്യക്തമാണ്. എന്താണ് ആ 'സാഹചര്യം' എന്ന് അവർ തീരുമാനിക്കുന്നതാണ്. ഇത്തരം പ്രശ്നങ്ങളുള്ള കരാർ ഭാവിയിൽ ഇന്ത്യക്കു ദോഷമായി ഭവിക്കും.

## സമ്പൂർണവിധേയത്വം

ഇന്ത്യക്ക് അണ്വായുധ പരീക്ഷണം നടത്താൻ കഴിയുമോ ഈ കരാറനുസരിച്ച് എന്ന ചോദ്യം പലരും ഉന്നയിക്കുന്നുണ്ട്. ഇന്ത്യ അങ്ങനെ ചെയ്യുകയും സ്വാഭാവികമായും അത് 'അതീവപ്രത്യേക സാഹചര്യം' ആണെന്ന് യുഎസിന് 'തോന്നുകയും' ചെയ്താൽ കരാർ റദ്ദാകും. അല്ലെങ്കിൽ യുഎസിന്റെ സമ്മതത്തോടെ മാത്രമേ ആയുധപരീക്ഷണം നടത്തൂയെന്ന് നാം തീരുമാനിക്കണം. ഇത് കീഴടങ്ങലാണെന്നു പറയേണ്ടതില്ലല്ലോ. യുഎസുമായുള്ള കരാർ റദ്ദാവുകയും മറ്റ് എൻഎസ്ജി രാജ്യങ്ങളിൽനിന്ന് നമുക്ക് ഇന്ധനവും സാമഗ്രികളും ലഭ്യമാക്കാമെന്ന് വാദിക്കുന്നവരുണ്ട്. ഇതെത്രമാത്രം അസാദ്ധ്യമാണെന്നറിയാൻ യാതൊരു ബുദ്ധിമുട്ടുമില്ല. യുഎസുമായി ഉടക്കിയാൽ മറ്റൊരു രാജ്യത്തിനും ഇന്ത്യയുമായി ആണവവ്യാപാരം ചെയ്യാൻ കഴിയാത്ത സ്ഥിതിയുണ്ടാകും. ഇല്ലെങ്കിൽ യുഎസ് ഉണ്ടാക്കും. ഇതിന് ഒരു മറുചോദ്യംമാത്രംമതി. മറ്റു രാജ്യങ്ങൾ ഇന്ധനവും മറ്റും തരാൻ തയ്യാറാണെങ്കിൽ നാം ഐഎഇഎയുമായും ആ രാജ്യങ്ങളുമായും കരാറുണ്ടാക്കിയാൽപോരേ? എന്തിനാണ് യുഎസുമായി (123) കരാറിനു ഒപ്പിടുന്നത്? എന്തിനാണ് ഹൈഡ് നിയമത്തിനു കീഴ്പ്പെടുന്നത്? യുഎസുമായി കരാർ ഒപ്പിടുന്നതിനുവേണ്ടിയാണ് നാം ഐഎഇഎ കരാറും മറ്റും ഒപ്പിടുന്നത് എന്നതിൽനിന്നുതന്നെ കാര്യം വ്യക്തമാണ്. യുഎസ് കരാർ ഇല്ലാതെ മറ്റു കരാറുകൾ സാദ്ധ്യമല്ല.

ഇതിനെല്ലാമുപരിയാണ് ഐഎഇഎ എന്ന സ്ഥാപനത്തിനുമേൽ യുഎസിനുള്ള സമ്പൂർണ നിയന്ത്രണം. ഇറാൻ വിഷയത്തിൽ ഇതുകണ്ടതാണ്. ഇറാനിലെ 25-ഓളം ആണവസ്ഥാപനങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ 1450 തവണയാണ് ഐഎഇഎ പരിശോധന നടത്തിയത്. അതേ സമയം 245 ആണവസ്ഥാപനങ്ങളാണ് യുഎസ് പരിശോധനക്കു നൽകിയിരിക്കുന്നത്. ഇതിൽ 1981 മുതൽ ഇതുവരെ കേവലം 19 സ്ഥാപനങ്ങളിൽ മാത്രമേ പരിശോധന നടന്നിട്ടുള്ളൂ. എൻപിടി കരാർ ഒപ്പിട്ട രാജ്യമെന്ന നിലയിൽ സമ്പുഷ്ടീകരണം, പുനഃസംസ്ക്കരണം തുടങ്ങിയവക്കും അതിലൂടെ ഇന്ധനചക്രം പൂർത്തിയാക്കുന്നതിനും ഇറാന് പൂർണാധികാരമുണ്ട്. എന്നാൽ പലവിധ ഉമ്മാക്കികൾകാട്ടി ഇത് തടയാനാണ് യുഎസ് ശ്രമിക്കുന്നത്.

ഇതിൽനിന്നെല്ലാം വ്യക്തമാകുന്ന ഒരുകാര്യമുണ്ട്. ഈ കരാറിന്റെ മറ്റു രാഷ്ട്രീയ പ്രത്യാഘാതങ്ങളെല്ലാം അവഗണിച്ചാലും ഇതിലൂടെ ഇന്ത്യക്ക് ഊർജസുരക്ഷ ഉണ്ടാകുന്നില്ല. ആണവശാസ്ത്രജ്ഞരിൽ വലിയൊരുപങ്കും (സർക്കാർ ഉദ്യോഗസ്ഥരൊഴിച്ച്) ഈ കരാറുകളെ എതിർക്കുയാണ്. അണുശക്തി കമീഷന്റെ മുൻ അദ്ധ്യക്ഷന്മാരായ ഡോ. പി.കെ. അയ്യങ്കാർ, എച്ച്എൻസെത്ന, എം.ആർ.ശ്രീനിവാസൻ, എ.എൻ. പ്രസാദ്, ഇന്ത്യയുടെ അണുശക്തി നിയന്ത്രണബോർഡ് ചെയർമാനായിരുന്ന ഡോ. എ. ഗോപാലകൃഷ്ണൻ തുടങ്ങിയ പലരും പരസ്യമായി രംഗത്തുവന്നുകഴിഞ്ഞു. സർക്കാരിനെ പിന്താങ്ങാൻ ന്യായമായി സമാജ്വാദി പാർട്ടി ചൂണ്ടിക്കാട്ടിയ മുൻരാഷ്ട്രപതി എപിജെ അബ്ദുൾക്കലാം, ആണവശാസ്ത്രജ്ഞനല്ല മറിച്ച് ബഹിരാകാശ മേഖലയിലെ ഒരു സാങ്കേതിക വിദഗ്ദ്ധൻ (ശാസ്ത്രജ്ഞനെന്ന വാക്ക് തെറ്റായി ഉപയോഗിക്കുന്നുവെന്ന്) മാത്രമാണെന്ന് വിഎസ് അച്ചുതാനന്ദൻ പറഞ്ഞത് സത്യംതന്നെയാണ്.

ഇന്ത്യയിലെ പാർലമെന്റംഗങ്ങളെ പിടിക്കാൻ പത്തുനൂറ് കോടി മുടക്കുന്നതിന്റെ താൽപര്യം വ്യക്തമാണല്ലോ. ഇന്ത്യയിലേയും അമേരിക്കയിലേയും കോർപറേറ്റു കമ്പനികളും അവരുടെ ഏജന്റുമാരും പിന്താങ്ങുന്ന ഈ കരാറിന്റെ യഥാർത്ഥ അവസ്ഥ അറിഞ്ഞാൽ ഏതു രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരായാലും ഒരു കാലത്തും ഇതിനെ അവർ പിന്താങ്ങില്ല. ഇതിനുപകരം ഈ കരാർ മുസ്ലിം വിരുദ്ധമാണ് തുടങ്ങിയ പ്രയോഗങ്ങൾ അപകടകരമാണ്. ഇന്ത്യക്കാകെ എതിരാകുന്ന കരാർ എന്ന നിലക്ക് എല്ലാമതവിശ്വാസികൾക്കും ഒരുമതത്തിൽ വിശ്വസിക്കാത്തവർക്കും ഈ കരാർ എതിരാണ്.